**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോതമംഗലം നഗരസഭയുടെ കുമ്പളത്തുമുറിയിലുള്ള ഡമ്പിംഗ് യാർഡിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് വേണ്ടി കോതമംഗലം വില്ലേജ് 959/1 എം/2/2 സർവ്വേ നമ്പറിലുള്ള 2.4489 ഹെക്ടർ സ്ഥലം വാങ്ങുന്നതിന് കോതമംഗലം നഗരസഭയ്ക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ) നം.2875/17/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 22.08.2017.

പരാമർശം :- 1) കോതമംഗലം നഗരസഭ മുനിസിപ്പൽ കൗൺസിലിന്റെ 21.03.2017 -ലെ 6-ാം നമ്പർ തീരുമാനം.

2) കോതമംഗലം നഗരസഭ മുനിസിപ്പൽ കൗൺസിലിന്റെ 22.06.2017 -ലെ 11 -ാം നമ്പർ തീരുമാനം.

3) കോതമംഗലം നഗരസഭ സെക്രട്ടറിയുടെ 22.08..2016-ലെ എ 3-12338/16 നമ്പർ കത്ത്.

**ഉത്തരവ്**

കോതമംഗലം നഗരസഭയുടെ ഡമ്പിംഗ് യാർഡിൽ മാലിന്യം ശാസ്ത്രീയമായി സംസ്കരിച്ചിട്ടില്ലാത്തതിനാലും നാളുകളായി കുഴിച്ചിടുന്നതിനാൽ സ്ഥലം ലഭ്യമല്ലാത്തതിനാലും മാലിന്യം നീക്കം തടസ്സപ്പെടാൻ സാധ്യതയുള്ളതിനാൽ കുമ്പളത്തുമുറിയിലുള്ള ഡമ്പിംഗ് യാർഡിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് വേണ്ടി കോതമംഗലം വില്ലേജ് 959/1 എം/2/2 സർവ്വേ നമ്പറിലുള്ള 2.4489 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിക്കുകയും, പരാമർശം (3) പ്രകാരം സർക്കാരിലേയ്ക്ക് അപേക്ഷിക്കുകയുമുണ്ടായി.

2) ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. കോതമംഗലം നഗരസഭയുടെ കുമ്പളത്തുമുറിയിലുള്ള ഡമ്പിംഗ് യാർഡിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് വേണ്ടി കോതമംഗലം വില്ലേജ് 959/1 എം/2/2 സർവ്വേ നമ്പറിലുള്ള 2.4489 ഹെക്ടർ സ്ഥലം ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം അക്വയർ ചെയ്യുന്നതിന് സർക്കാരിൽ നിന്നും അധിക തുക അനുവദിക്കുകയില്ലെന്ന നിബന്ധനയോടെ കോതമംഗലം നഗരസഭയ്ക്ക് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കോതമംഗലം നഗരസഭ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ & എ), തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ